# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3820 — 21.06.2018-ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം ഡിഫൻസ് പാർക്ക്

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തീകരിക്കുവാൻ കഴിയും; | എ) ഉണ്ട്. 2018 ഡിസംബറോട്ടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | ഡിഫൻസ് പാർക്കിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | ബി) ഡിഫൻസ് പാർക്കിനായി കോമൺ ഫെസിലിറ്റി ബിൽഡിംഗ്, വെയർ ഹൗസ് & കോമൺ യൂട്ടിലിറ്റി ബിൽഡിംഗ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, റോഡുകൾ, ചുറ്റുമതിൽ എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| സി) | പ്രസ്തുത ഡിഫൻസ് പാർക്കിന്റെ നിർമ്മാണത്തിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എത്ര തുകയാണ് കേന്ദ്ര വിഹിതമായി ലഭിയ്ക്കുക; വിശദാംശം ലഭ്യമാക്കുമോ? | സി) ഡിഫൻസ് പാർക്കിന്റെ നിർമ്മാണത്തിനായി 130.94 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 50 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുക. ഇതിൽ 15 കോടി രൂപ ലഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ